ജനയുഗം
JANAYUGOM

14 October 2023

# സിഎസ്ആർ ഫണ്ടിങ് കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിന് വിനിയോഗിക്കണം

കൊച്ചി: കാർഷികമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടുകൾ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വേണ്ടി വിനിയോഗിക്കുന്ന സ്ഥിതിതിയുണ്ടാവണമെന്ന് നിർദേശം. 16 - മത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ നടന്ന കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും തമ്മിലുള്ള ആശയസംവാദത്തിലാണ് ഈ നിർദേശമുയർന്നത്. മത്സ്യ-മൃഗസംരക്ഷണ രംഗത്ത് തദ്ദേശീയമായ തീറ്റകൾ വികസിപ്പിക്കുന്നത് കൃഷിച്ചെലവ് കുറയ്ക്കാൻ സഹായിക്കും. ഉൽപന്നങ്ങളുടെ വിപണി ഉറപ്പുവരുത്തുന്നതിന് ഗവേഷണ-വ്യവസായ സ്ഥാപനങ്ങൾ സഹകരിച്ചുള്ള ഗവേഷണങ്ങളുണ്ടാകണമെന്നും നിർദേശമുയർന്നു.

കാർഷിക-മൃഗസംരക്ഷണ-മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളും ശാസ്ത്രജ്ഞരുമാണ് സംഗമത്തിൽ പങ്കെടുത്തത്.

ഡോ ശ്യാം നാരായൺ ഝാ അധ്യക്ഷത വഹിച്ചു. ഡോ സി ആർ മേത്ത, ഡോ ആർ ഭട്ട, ഡോ ജോർജ് നൈനാൻ, ജെയിംസ് പി ജോർജ്, ഡോ ഭരത്, ഡോ സംഗീത ദാവർ, മുഹമ്മദ് സേട്ട്, ഡോ ശ്യാം എസ് സലീം എന്നിവർ സംസാരിച്ചു.